(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഗവേണിംഗ് ബോഡിയുടെ അനുവാദത്തോടെയാണ് നിയമനം നടത്തുന്നത്.

ആമയൂർ അൽഹുദാ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്

43 (5178) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട്ട് പഞ്ചായത്തിലെ ആമയൂർ അൽഹുദാ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പരാതി എന്നാണ് ലഭിച്ചതെന്നും ആവശ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;.

(ഡി) വിദ്യാഭ്യാസപരമായും സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന നിശ്ചിത ദൂരപരിധിക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാത്ത പ്രദേശങ്ങളിൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ സ്ക്കൂളുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-5-2010-ലാണ് നിവേദനം സർക്കാരിന് ലഭിച്ചിട്ടുള്ളത്. ആമയൂർ പ്രദേശത്ത് യു.പി. തലംമുതൽ പ്ലസ് ടു വരെയുള്ള ഒരു സർക്കാർ/എയ്ഡഡ് സ്കൂൾ അനുവദിക്കണമെന്നതാണ് നിവേദനത്തിലെ ആവശ്യം.

(സി&ഡി) നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സാധാരണഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂൾ അനുവദിക്കേണ്ടതില്ലെന്നും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതില്ലെന്നുമാണ് സർക്കാരിന്റെ നയപരമായ തീരുമാനം. ആയതിനാൽ മലപ്പുറം ജില്ലയിലെ ആമയൂരിൽ സ്കൂൾ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly